മർദ്ദിക്കുകയും കല്ല് കൊണ്ടിടിക്കുകയും ചെയ്തു. ഒരു ഹെഡ് കോൺസ്റ്റബിളും ഒരു കോൺസ്റ്റബിളും മാത്രമേയുണ്ടായിരുന്നുള്ളു. അതു കഴിഞ്ഞ് ജാഥയായിട്ട് ടൗണിലേക്ക് പോയി. പോലീസുകാരെ മർദ്ദിച്ചു പരിക്കേൽപ്പിച്ച വിവരമറിഞ്ഞു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് പാർട്ടിവന്ന് അവരെ ഹോസ്പിറ്റലിൽ കൊണ്ടുപോയി. അതിനിടയിൽ പോലീസ് പാർട്ടി വരുമ്പോഴത്തെന്നെ ഈ സമരക്കാർ അങ്ങോട്ടും ഇങ്ങോട്ടും ഓടാൻ തുടങ്ങി. ഓടുന്നതിനിടയിൽ കല്ലുമെറിഞ്ഞു. ഇങ്ങനെ കല്ലെറിഞ്ഞതിനെയാണ് മഫ്റ്റിപോലീസുകാർ എന്നു പറഞ്ഞത്. ഏതായാലും കല്ലെറിഞ്ഞു. അതു സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ട്. അവരെ കോടതിയിൽ ഹാജരാക്കി, കോടതി റിമാൻറിൽ വച്ചിരിക്കുകയാണ്. അതിനെപ്പറ്റി ആവശ്യമായ അന്വേഷണം നടത്തും. പക്ഷേ പോലീസുകാരെയാണ് മർദ്ദിച്ചത്. അവരെ മർദ്ദിച്ചത് മഫ്റ്റിക്കാർ ആണ് എന്നാണ് പറഞ്ഞുവരുന്നത്. അതു സ്വീകരിക്കാൻ പ്രയാസമുണ്ട്. ഇതു സംബന്ധിച്ച് ശരിയായി അന്വേഷിച്ച് നന്നായി കേസ് നടത്തി കുറ്റക്കാരെ ശിക്ഷിക്കും. അല്ലാത്തവരുടെ പേരിൽ ഒന്നും ഉണ്ടാകുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഹെഡ്കോൺസ്റ്റബിളും ബാക്കിയുള്ളവരും ലാത്തികൊണ്ട് കുത്തിയെന്നാണ് ഞാൻ പറഞ്ഞത്. സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ വന്നയാളുകളാണ് അടിച്ചത് എന്നാണ് പറഞ്ഞത്.

V റിപ്പോർട്ട് സമർപ്പണം

1986-ലെ കേരള ധനകാര്യബില്ലിനെപ്പറ്റിയുള്ള എട്ടാം സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ധനകാര്യമന്ത്രിയും എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 1986-ലെ കേരള ധനകാര്യബില്ലിനെപ്പറ്റിയുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള രണ്ടാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. കെ. കെ. തോമസ് : സർ, 1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (2-ാം ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly